LIBRARY ARCHIVES Kerala Legislative Assembly

മാങ്ങാട് സ്മിത്തി വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൽ ഓഹരിയെടുക്കാൻ അനുമതി

45 [1250] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിൽ പ്രവർത്തിക്കുന്ന മാങ്ങാട് സ്മിത്തി വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൽ ഓഹരി എടുക്കുന്നതിന് സഹകരണ സംഘങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷകർക്കാവശ്യമായ ഇരുമ്പ് ഉപകരണങ്ങൾ ഉല്പ്പാദിപ്പിക്കുന്ന ഒരു സഹകരണ സംഘം എന്ന നിലയിൽ ഈ ആവശ്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി സഹകരണ സംഘം ഒരു ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പാണ്. ഇവിടെ കർഷകർക്കാവശ്യമായ ഇരുമ്പ് ഉപകരണങ്ങൾ ഉല്പ്പാദിപ്പിക്കുന്നില്ല.

ഭക്ഷ്യ സംസ്ക്കരണ പാർക്കുകൾ സ്ഥാപിക്കുവാൻ നടപടി

46 [1251] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, ജോർജ് ജെ. മാത്യു :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം പുതുതായി ഭക്ഷ്യ സംസ്ക്കരണ പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവു വരുമെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുമോ ; എങ്കിൽ എന്തു തുക ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പാർക്കിൽ എന്തെല്ലാം ഭക്ഷ്യ വസ്തുക്കൾ സംസ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പ്രസ്തുത പാർക്കുകളിൽ എന്തുവിധത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?